(ഡി) സർക്കാർ സ്ഥലം കൈമാറണമെങ്കിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

(ഇ) പദ്ധതികളെല്ലാം നടപ്പിലാക്കി വരുന്നതേയുള്ളൂ.

ഇലക്ട്രിസിറ്റി ബോർഡിന് പുതിയ പ്രോജക്ടുകൾ ആരംഭിക്കുവാൻ വിദേശ സഹായം

*25[355] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിന് ആഗോള നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സ്വകാര്യ നിക്ഷേപകർ ഏറ്റെടുക്കാത്ത ഏതെല്ലാം പദ്ധതികൾക്കാണ് ഇലക്ട്രിസിറ്റി ബോർഡ് പണം ചെലവഴിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണ്;

(സി) പുതിയ പ്രോജക്ടുകൾ ആരംഭിക്കുവാൻ വിദേശസഹായം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പുതിയ പ്രോജക്ടുകൾക്കാണ് വിദേശ സഹായം ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സ്വകാര്യ മേഖലയിൽ അഞ്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എട്ട് പദ്ധതികൾ പരിഗണനയിലാണ്.

(ബി) നേര്യമംഗലം എക്സ്റ്റൻഷൻ പ്രോജക്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly